(ജി) ഡയറക്ടർ ഓഫ് മെഡിക്കൽ ഇൻഷ്വറൻസ് സർക്കാരിലേക്ക് അയച്ച മിനിസ്റ്റീരിയൽ സ്റ്റാഫിന്റെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് ഡിപ്പാർട്ടുമെന്റ് 1-4-1985-ൽ രൂപീകരിച്ചു.

(ബി) 100 (നൂറ്) യു. ഡി. ക്ളാർക്കുമാർ ഉണ്ടായിരുന്നു.

(സി) 55 (അൻപത്തഞ്ച്) പേർ ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് ഓപ്റ്റു ചെയ്തു.

(ഡി) 45 പേരെ.

(ഇ) ഉണ്ട്.

(എഫ്, ജി) ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ മിനിസ്റ്റീരിയൽ ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് സർക്കാർ അനുമതി നൽകുകയും അതുപ്രകാരം ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

വാഹനാപകടങ്ങൾ വർദ്ധിക്കുന്നതു തടയാൻ ശാസ്ത്രീയ പഠനത്തിന്റെ അടിസ്ഥാനത്തിൽ മാനദണ്ഡങ്ങൾ നിശ്ചയിച്ച് പെർമിറ്റ് നൽകുവാൻ നടപടി

54 [1361] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വാഹന ബാഹുല്യവും ഗതാഗത കുരുക്കും അപകടങ്ങളും സംബന്ധിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) വിവിധ ഇനം വാഹനങ്ങൾക്ക് യഥാർത്ഥ ആവശ്യകത പരിഗണിച്ചാണോ പെർമിറ്റ് നൽകുന്നത്;

(ഡി) സ്വകാര്യ വാഹനങ്ങൾ, സർവ്വീസ് ബസ്സുകൾ, ടാക്സി കാർ, ജീപ്പ്, ആട്ടോറിക്ഷ, ചരക്കുവണ്ടികൾ മുതലായവ ക്രമാതീതമായി വർദ്ധിക്കുന്നതു തടയാൻ ശാസ്ത്രീയ പഠനത്തിന്റെ അടിസ്ഥാനത്തിൽ മാനദണ്ഡങ്ങൾ നിശ്ചയിച്ച് മാത്രം പെർമിറ്റ് നൽകുവാൻ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) സംസ്ഥാനത്തെ വാഹനങ്ങളുടെ കൃത്യമായ സ്ഥിതിവിവര കണക്ക് ശേഖരിക്കുവാൻ വാഹന സെൻസസ്സ് നടത്താൻ സർക്കാർ തയ്യാറാകുമോ?

ഉത്തരം

(എ) നാട്പാക്ക്, സംസ്ഥാനത്തിലെ തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളായ കോട്ടയം, പെരുമ്പാവൂർ, കോഴിക്കോട്, കണ്ണൂർ, കാസർകോട് എന്നീ നഗരങ്ങളിൽ ട്രാഫിക് സർവ്വെ നടത്തി പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ഹ്രസ്വകാല/ദീർഘകാല നിർദ്ദേശങ്ങൾ ബന്ധപ്പെട്ട പ്രാദേശിക സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. ഇതു കൂടാതെ പൊതുമരാമത്ത് വകുപ്പ് ആറു മാസത്തിലൊരിക്കൽ തെരഞ്ഞെടുക്കപ്പെട്ട ഹൈവേകളിൽ ട്രാഫിക് സെൻസസ് നടത്തുന്നുണ്ട്.

(ബി) മേൽ പറഞ്ഞ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് റോഡ് വികസന പദ്ധതികൾ ആവിഷ്കരിക്കുന്നത്. കൂടാതെ അതാത് നഗരങ്ങളിൽ ജില്ലാ അധികാരികൾ, പൊതുമരാമത്ത്, പോലീസ്, നഗരസഭാ അധികാരികളുമായി ചർച്ച ചെയ്ത് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി) അല്ല.

(ഡി) അഞ്ചു ലക്ഷത്തിൽ കുറയാത്ത ജനസംഖ്യയുള്ള പട്ടണങ്ങളിലെ ടൗൺ സർവ്വീസ് ബസ്സുകളുടെ എണ്ണം നിയന്ത്രിക്കുന്നതിനു മാത്രമേ നിയമമുള്ളൂ. ബാക്കിയെല്ലാ വാഹനങ്ങൾക്കും യഥേഷ്ടം പെർമിറ്റു കൊടുക്കണമെന്നാണ് കേന്ദ്ര മോട്ടോർ വാഹന നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ളത്.

(ഇ) ഇക്കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല.

സർക്കാർ ബോർഡും ഹെഡ്ലൈറ്റും വാഹനങ്ങളിൽ ഉപയോഗിക്കാൻ അനുമതിയുള്ളവർ

55 [1362] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതൊക്കെ വിഭാഗത്തിൽപ്പെട്ടവർക്കാണ് വാഹനങ്ങൾക്ക് ഹെഡ്ലൈറ്റ് ഉപയോഗിക്കാൻ അനുമതിയുള്ളത് എന്ന് വെളിപ്പെടുത്തുമോ;

(ബി) ഏതൊക്കെ സന്ദർഭത്തിൽ ഏതെല്ലാം നിറത്തിലുള്ള ലൈറ്റുകളാണ് ഉപയോഗിക്കാൻ അനുമതിയുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) 'കേരള സ്റ്റേറ്റ് ' ബോർഡ് വാഹനങ്ങളിൽ സ്ഥാപിക്കുവാൻ ഏതൊക്കെ സ്ഥാപനങ്ങൾക്ക് ഏതൊക്കെ നിറത്തിൽ, ഏതു തരത്തിൽ ഉപയോഗിക്കുവാനാണ് അനുമതി നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly